**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.**

**(ഹാജർ: ഡോ.ശ്രീറാം.വി,ഐ.എ.എസ്)**

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനകാര്യം - കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്(സെലക്ഷൻ ഗ്രേഡ്, സീനിയർ ഗ്രേഡ്) അനുപാത സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം :- 1) ഈ ഓഫീസിലെ 01.06.2023-ലെ ADFW/6694/2023-SA(3) നമ്പർ ഉത്തരവ്.

2) ഈ ഓഫീസിലെ 20/06/2024-ലെ ADFW/4339/2023-SA(3) നമ്പർ ഉത്തരവ്.

3) ഈ ഓഫീസിലെ 08/08/2011-ലെ SA(2) 16398/2011 നമ്പർ ഉത്തരവ്.

4) ഈ ഓഫീസിലെ 22/11/2019-ലെ SA(3) 37815/2019 നമ്പർ ഉത്തരവ്.

5) ജി.ഒ (പി) നമ്പർ 27/2011/ഫിൻ.തീയതി. 10/02/2021.

**<u>ഉത്തരവ് നമ്പർ ADFW/4339/2023-SA3 തീയതി . 12-02-2025</u>**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ പേഴ്സണൽ അസിസ്റ്റന്റ് ശ്രീമതി. എ. സുബലക്ഷ്മി 31/05/2024-ൽ സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിലേയ്ക്ക് ടി കാര്യാലയത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സെലക്ഷൻ ഗ്രേഡ്)-ശ്രീമതി. രാധാമണി.പി യെ പരാമർശം (2) ഉത്തരവ് പ്രകാരം ഡയറക്ടറുടെ പേഴ്സണൽ അസിസ്റ്റന്റ് ആയി നിയമിച്ചിട്ടുണ്ട്.

ഇപ്രകാരം നിലവിൽ വന്ന കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സെലക്ഷൻ ഗ്രേഡ്) ഒഴിവിലേയ്ക്ക് പരാമർശം (3) പ്രകാരമുള്ള മുൻഗണനാ പട്ടികയിൽ ക്രമ നമ്പർ 9 ആയി ഉൾപ്പെട്ടിട്ടുള്ള കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറിംഗ് ഓഫീസ്, ആലപ്പുഴ ലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സീനിയർ ഗ്രേഡ്) ശ്രീമതി. കൽപന.കെ കുട്ടപ്പന് (PEN – 446210) ന് 55200-115300 രൂപ ശമ്പള സ്കെയിലിൽ 01/06/2024 തീയതി പൂർവ്വാഹം പ്രാബല്യത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സെലക്ഷൻ ഗ്രേഡ്) തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു. ടിയാൾ പ്രസ്തുത തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ ഒരു വർഷത്തിനുള്ളിൽ 6 മാസത്തെ പരിവീക്ഷാകാലം പൂർത്തിയാക്കേണ്ടതാണ്.

കൂടാതെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ ശ്രീമതി. അജിത.എസ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സീനിയർ ഗ്രേഡ്) പരാമർശം (1) ഉത്തരവ് പ്രകാരം 31/05/2023-ന് സേവനത്തിൽ നിന്നും വിരമിച്ചിട്ടുണ്ട്.

ഇപ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സീനിയർ ഗ്രേഡ്) തസ്തികയിൽ നിലവിൽ വന്ന 2 ഒഴിവുകളിലേക്ക് പരാമർശം (4) പ്രകാരമുള്ള മുൻഗണനാ പട്ടികയിൽ ക്രമ നമ്പർ 2 ആയി ഉൾപ്പെട്ടിട്ടുള്ള വയനാട് പ്രിൻസിപ്പൽ കൃഷി ഓഫീസിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 1 ശ്രീമതി. ജസീറ.കെ.വൈ (PEN – 779768) ന് 43400-91200 രൂപ ശമ്പള സ്കെയിലിൽ 01/06/2023 മുതൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സീനിയർ ഗ്രേഡ്) തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയും ക്രമ നമ്പർ 3 ആയി ഉൾപ്പെട്ടിട്ടുള്ള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി തൃശ്ശൂർ ലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (ഗ്രേഡ് I) ശ്രീമതി. റസീന ആർ എം ( PEN – 654346 )

ന്  43400-91200 രൂപാ ശമ്പള സ്കെയിലിൽ 01/06/2024 പൂർവ്വാഹ്നം മുതൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സീനിയർ ഗ്രേഡ്) തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയും ഉത്തരവാകുന്നു.

ഈ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർക്ക് പരാമർശം (5) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി ശമ്പള നിർണ്ണയത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്. ഗസറ്റഡ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചവരുടെ സേവനപുസ്തകം ഗസറ്റഡ് എൻറൈറ്റിൽമെന്റ് രജിസ്റ്റർ, ആർ.റ്റി.സി, എൽ.പി.സി തുടങ്ങിയ ആവശ്യരേഖകൾ അക്കൗണ്ടന്റ് ജനറലിന് അയച്ചു കൊടുക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതാണ്.

ഉത്തരവ് സംബന്ധിച്ച വിവരങ്ങൾ ജീവനക്കാരുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥൻമാർ നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയത്തിൽ തുടരാവുന്നതാണ്.

Sd/-

Dr Sriram.V IAS
DIRECTOR

സ്വീകർത്താവ്

1) ബന്ധപ്പെട്ട ജീവനക്കാർക്ക് (നിയന്ത്രണ അധികാരി മുഖേന )

2) അക്കൗണ്ടന്റ് ജനറൽ, കേരള ,തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)

പകർപ്പ്

- പ്രിൻസിപ്പൽ കൃഷി ഓഫീസർ ,ആലപ്പുഴ.
- പ്രിൻസിപ്പൽ കൃഷി ഓഫീസർ ,വയനാട് .
- .സ്റ്റേറ്റ് സീഡ് ഡെവലെപ്മെന്റ് അതോറിറ്റി ,തൃശ്ശൂർ .
- .സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ, സി എ യ്ക്ക്.
- .ഐ ടി സെക്ഷൻ (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനു)

കരുതൽ/ അധികം.

കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്,
ആലപ്പുഴ

Administrative Assistant II
Directorate of Agriculture Development
and Farmer's Welfare De...
Vikas Bhavan, Thiruvananthap...